

● ലേഖനം

ഡോ. കെ മുഹമ്മദ് പാണ്ടിക്കാട്

# ഇൽതിഫാത് വിശുദ്ധ ഖുർആനിന്റെ മാസ്മരിക ശൈലി

വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ കലാമാണെങ്കിൽ അൽഫാതിഹയിൽ അല്ലാഹു ആരോടാണ് പ്രാർഥിക്കുന്നത്? ഖുർആനിലെ പല വാക്യങ്ങളുടെയും വക്താവ് അല്ലാഹുവല്ല. പ്രവാചകൻ, ജിബ്‌രീൽ, മലക്കുകൾ, ജിന്നുകൾ തുടങ്ങിയവരുടെ സംസാരം യാതൊരു സൂചനയുമില്ലാതെ ഇടക്കിടക്ക് കയറി വരുന്നു. അതുപോലെ അഭിസംബോധിതരെയും ഇടക്കിടെ മാറ്റം വരുത്തുന്നു. അല്ലാഹു, പ്രവാചകൻ, മലക്കുകൾ, മനുഷ്യർ, വിശ്വാസികൾ, അവിശ്വാസികൾ, ജിന്നുകൾ തുടങ്ങിയവരെല്ലാം അഭിസംബോധിതരായി മാറുന്നു. യാതൊരു സൂചനയും നൽകാതെയാണ് ഈ മാറ്റങ്ങൾ നടക്കുന്നത്. ഇതെല്ലാം ഖുർആനിന്റെ പരസ്പര വൈരുധ്യങ്ങളിലേക്കല്ലേ സൂചന നൽകുന്നത്? -ഓറിയന്റലിസ്റ്റുകളും നിരീശ്വരവാദികളും മറ്റും വിശുദ്ധ ഖുർആനിനെതിരെ പ്രചരിപ്പിക്കുന്നതാണിത്. അറബി ഭാഷയിലെ *ഇൽതിഫാത്* എന്ന സാഹിത്യ ശൈലിയെ കുറിച്ചുള്ള പഠനത്തിലൂടെ ഈ പ്രചരണത്തിന്റെ മുനയൊടിക്കാൻ സാധിക്കും. അതോടൊപ്പം വിശ്വാസികൾക്ക് വിശുദ്ധ ഖുർആനിന്റെ മനോഹാരിത സ്വയം ആസ്വദിക്കാനും മറ്റുള്ളവരെ ആസ്വദിപ്പിക്കാനും സാധിക്കും.

## നിർവചനം

*ലഫത* (لفت) എന്ന അറബി പദത്തിൽ നിന്നാണ് *അൽ ഇൽതിഫാത്* എന്ന പദം വരുന്നത്. 'തിരിച്ചു' എന്നാണ് അർഥം. ജാഹിലിയാ കാലത്ത് ത

ന്നെ അറബി ഭാഷയിൽ നിലവിലുണ്ടായിരുന്ന ഈ ശൈലിക്ക് ഇമാം അൽഅസ്മഈ ആണ് ഈ പേര് നൽകിയത്. الترك والتحويل، الإنتقال، الإستبدال തുടങ്ങിയ നാമങ്ങളും ഇവക്കുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ ഈ പ്രയോഗത്തിന് Enallage എന്നാണ് പറയുന്നത്.

പ്രഭാഷണത്തെ ഒരു ശൈലിയിൽ നിന്ന് മറ്റൊരു ശൈലിയിലേക്ക് മാറ്റം വരുത്തുന്നതാണ് *ഇൽതിഫാത്* എന്ന് ഇമാം അസ്സർകശി നിർവചിക്കുന്നു. വക്താക്കളെയും ശ്രോതാക്കളെയും ഉത്തമ പുരുഷൻ (First Person), മധ്യമ പുരുഷൻ (Second Person) പ്രഥമ പുരുഷൻ (Third Person) എന്നിവയിലേക്ക് യാതൊരു സൂചനയുമില്ലാതെ മാറ്റുന്നു. വായനക്കാർ പശ്ചാത്തലത്തിൽ നിന്നാണ് ഈ മാറ്റം മനസ്സിലാക്കേണ്ടത്. അന്നഹ്ൽ 43-ാം വാക്യത്തിൽ അല്ലാഹു പറയുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ
فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

"പ്രവാചകരേ, താങ്കൾക്കു മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുള്ളപ്പോഴൊക്കെ മനുഷ്യരെത്തന്നെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നമ്മുടെ സന്ദേശങ്ങൾ ബോധനം നൽകി. നിങ്ങൾ അറിവില്ലാത്തവരാണെങ്കിൽ അറിവുള്ളവരോട് ചോദിച്ചുനോക്കുക." ഈ വാക്യത്തിന്റെ ആദ്യഭാഗമായ

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ

എന്നതിൽ അല്ലാഹു അഭിസംബോധന ചെയ്യുന്നത് മുഹമ്മദ് നബി(സ)യെയാണ്. എന്നാൽ

فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

എന്ന് തുടങ്ങുന്ന അവസാന വാചകം മക്കയിലെ സത്യനിഷേധികളെയാണ് അഭിസംബോധന ചെയ്യുന്നത്. അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നതായിരുന്നു ഈ ശൈലി. ശ്രദ്ധയോടെ പാരായണം ചെയ്യുന്നവർക്ക് ഇതിന്റെ ഭംഗി ആസ്വദിക്കാം. ഖുർആൻ വ്യാഖ്യാതാക്കളിൽ അബൂഹയാൻ (എ ഡി 1256-1344), അൽആലൂസി (എ ഡി 1802- 1854), അർറാസി (എ ഡി 854-925), ഇബ്നു ആശൂർ (എ ഡി 1879-1973) തുടങ്ങിയവരാണ് വിശുദ്ധ ഖുർആനിന്റെ ഈ സാഹിത്യസൗന്ദര്യത്തെക്കുറിച്ച് ഏറെ വാചാലരായിട്ടുള്ളവർ.

## ഇൽതിഫാത്തിന്റെ ഇനങ്ങൾ

സർവ നാമവുമായി ബന്ധപ്പെട്ട് ഇൽതിഫാത്തിന് ആറ് ഇനങ്ങളുണ്ട്. ഒന്ന്: ഉത്തമ പുരുഷനിൽ നിന്ന് മധ്യമ പുരുഷനിലേക്കുള്ള മാറ്റം.

وَمَا لِىَ لَآ أَعْبُدُ ٱلَّذِى فَطَرَنِى وَإِلَيْهِ تُرْجَعُونَ

"ആരാണോ എന്നെ സൃഷ്ടിച്ചത്, അവന് ഞാൻ ഇബാദത്ത് ചെയ്യാതിരിക്കുന്നതെന്തിന്? അവനിലേക്കാണ് നിങ്ങളെല്ലാവരും തിരിച്ചുചെല്ലേണ്ടത്." (യാസീൻ 22)

**പ്രഭാഷണത്തെ ഒരു ശൈലിയിൽ നിന്ന് മറ്റൊരു ശൈലിയിലേക്ക് മാറ്റം വരുത്തുന്നതാണ് *ഇൽതിഫാത്* എന്ന് ഇമാം അസ്സർകശി നിർവചിക്കുന്നു. വക്താക്കളെയും ശ്രോതാക്കളെയും ഉത്തമ പുരുഷൻ** (First Person), **മധ്യമ പുരുഷൻ** (Second Person) **പ്രഥമ പുരുഷൻ** (Third Person) **എന്നിവയിലേക്ക് യാതൊരു സൂചനയുമില്ലാതെ മാറ്റുന്നു. വായനക്കാർ പശ്ചാത്തലത്തിൽ നിന്നാണ് ഈ മാറ്റം മനസ്സിലാക്കേണ്ടത്.**

ഇവിടെ പട്ടണത്തിന്റെ അങ്ങേയറ്റത്തു നിന്ന് കുതിച്ചെത്തിയ ഒരാളുടെ വർത്തമാനത്തിലെ ആദ്യഭാഗമായ وما لي لا أعبد الذي فطرني ഉത്തമപുരുഷന്റേതും അവസാന ഭാഗമായ وإليه ترجعون മധ്യമ പുരുഷന്റേതുമാണ്. സാധാരണ രീതിയിൽ, 'അവനിലേക്കാണ് ഞാൻ തിരിച്ചുചെല്ലേണ്ടത്' എന്നാണ് പറയേണ്ടിയിരുന്നത്.

രണ്ട്: ഉത്തമ പുരുഷനിൽ നിന്ന് പ്രഥമ പുരുഷനിലേക്കുള്ള മാറ്റം.

قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا
ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَٰهَ إِلَّا هُوَ
يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ
ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ
تَهْتَدُونَ

"പറയുക: മനുഷ്യരേ, ഞാൻ നിങ്ങളെല്ലാവരിലേക്കുമുള്ള, ആകാശഭൂമികളുടെ അധിപനായ അല്ലാഹുവിന്റെ ദൂതനാണ്. അവനല്ലാതെ ദൈവമില്ല. അ



വൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അവന്റെ ദൂതനിലും. അഥവാ നിരക്ഷരനായ പ്രവാചകനിൽ.'' (7:158)

ഇവിടെ ആദ്യം إلى رسول الله എന്ന ഉത്തമ പുരുഷൻ അവസാനം فآمنوا بالله ورسوله അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവീൻ എന്ന പ്രഥമ പുരുഷനിലേക്ക് മാറി. യഥാർഥത്തിൽ പറയേണ്ടിയിരുന്നത് 'അല്ലാഹുവിൽ വിശ്വസിക്കുക; എന്നിലും' (فآمنوا بالله وبي) എന്നായിരുന്നു.

മൂന്ന്: മധ്യമ പുരുഷനിൽ നിന്ന് ഉത്തമ പുരുഷനിലേക്കുള്ള മാറ്റം.

قُلِ ٱللَّهُ أَسْرَعُ مَكْرًاۚ إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ

''പ്രവാചകരേ, താങ്കൾ പറയുക: അല്ലാഹു തന്ത്രത്തിൽ നിങ്ങളെക്കാൾ സമർഥനാകുന്നു. നമ്മുടെ ദൂതന്മാർ നിങ്ങളുടെ തന്ത്രങ്ങളൊക്കെയും രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്.'' (യൂനുസ് 21)

ഇവിടെ 'താങ്കൾ പറയുക' (قل) എന്ന മധ്യമ പുരുഷ ശൈലിയിൽ നിന്ന് 'നമ്മുടെ ദൂതന്മാർ' (إن رسلنا ) എന്ന ഉത്തമ പുരുഷ ശൈലിയിലേക്ക് മാറി.

നാല്: മധ്യമ പുരുഷനിൽ നിന്ന് പ്രഥമ പുരുഷനിലേക്കുള്ള മാറ്റം.

هُوَ ٱلَّذِى يُسَيِّرُكُمْ فِى ٱلْبَرِّ وَٱلْبَحْرِۖ حَتَّىٰٓ إِذَا كُنتُمْ فِى ٱلْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا۟ بِهَا

''കരയിലും കടലിലും നിങ്ങൾക്ക് സഞ്ചരിക്കാൻ അവസരമൊരുക്കിയത് ആ അല്ലാഹു തന്നെയാണ്. അങ്ങനെ നിങ്ങൾ കപ്പലിലായിരിക്കെ, സുഖകരമായ കാറ്റുവീശി. അവരെയും കൊണ്ട് കപ്പൽ നീങ്ങിത്തുടങ്ങി. അവരതിൽ സന്തുഷ്ടരായി.''(യൂനുസ് 22).

ആദ്യം حتي إذا كنتم في الفلك (അങ്ങനെ നിങ്ങൾ കപ്പലിലായിരിക്കെ) എന്ന് പറഞ്ഞു. പിന്നീട് 'അവരെയും കൊണ്ട് കപ്പൽ നീങ്ങിത്തുടങ്ങി.' (وجرين بهم) ഇൽതിഫാത്തിന്റെ മനോഹരമായ ഉദാഹരണങ്ങളിലൊന്നായി ഈ വാക്യം ഗണിക്കപ്പെടുന്നു.

അഞ്ച്: പ്രഥമപുരുഷനിൽ നിന്ന് ഉത്തമ പുരുഷനിലേക്കുള്ള മാറ്റം.

ٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَـٰحَ فَتُثِيرُ سَحَابًا فَسُقْنَـٰهُ إِلَىٰ بَلَدٍ مَّيِّتٍ فَأَحْيَيْنَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَاۚ كَذَٰلِكَ ٱلنُّشُورُ

''കാറ്റുകളെ അയച്ചുകൊണ്ടിരിക്കുന്നവൻ അല്ലാഹുവാണ്. അങ്ങനെ അത് മേഘത്തെ തള്ളിനീക്കുന്നു. പിന്നീട് നാമതിനെ മൃതമായ നാട്ടിലേക്ക് നയിക്കുന്നു. അതുവഴി നാം ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്കുശേഷം ജീവനുള്ളതാക്കുന്നു. അവ്വിധം തന്നെയാണ് ഉയിർത്തെഴുന്നേൽപും.'' (35:9)

ഇവിടെ 'അവൻ അയച്ചു' (أرسل) എന്ന പ്രഥമ പുരുഷ ശൈലിയിലാണ് തുടക്കം. എന്നാൽ തുടർന്ന് 'പിന്നീട് നാമതിനെ നയിക്കുന്നു' (فسقله) എന്ന ഉത്തമപുരുഷ ശൈലിയിലേക്ക് മാറി. فسقى എന്ന് പറയലാണ് പതിവു രീതി.

ആറ്: പ്രഥമപുരുഷനിൽ നിന്ന് മധ്യമ പുരുഷനിലേക്കുള്ള മാറ്റം. مَٰلِكِ يَوْمِ ٱلدِّينِ (വിധിദിനത്തിന്നധിപനാണവൻ) എന്ന പ്രഥമപുരുഷ രീതിക്ക് ശേഷം

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

''നിനക്കു മാത്രം ഞങ്ങൾ വഴിപ്പെടുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു'' എന്ന മധ്യമ പുരുഷ ശൈലിയിലേക്ക് മാറി.

## എണ്ണത്തിലുള്ള ഇൽതിഫാത്

സർവനാമങ്ങളുമായി ബന്ധപ്പെട്ട മാറ്റങ്ങളെപ്പോലെത്തന്നെ, വക്താക്കളുടെയും ശ്രോതാക്കളുടെയും എണ്ണത്തിലും മാറ്റങ്ങൾ വരുത്തുന്നതായി കാണാം. അവയും ആറ് ഇനങ്ങളാണ്.

ഒന്ന്: ഒരാളിൽ നിന്ന് രണ്ടാളുകളിലേക്കുള്ള മാറ്റം. മൂസാ നബി(അ)യുടെ സമൂഹം അദ്ദേഹത്തോട് പറഞ്ഞു:

قَالُوٓا۟ أَجِئْتَنَا لِتَلْفِتَنَا عَمَّا وَجَدْنَا عَلَيْهِ ءَابَآءَنَا وَتَكُونَ لَكُمَا ٱلْكِبْرِيَآءُ فِى ٱلْأَرْضِ وَمَا نَحْنُ لَكُمَا بِمُؤْمِنِينَ

''അവർ പറഞ്ഞു: ഞങ്ങളുടെ പൂർവ പിതാക്കൾ ഏതൊരു മാർഗം മുറുകെപ്പിടിക്കുന്നതായി ഞങ്ങൾ കണ്ടുവോ അതിൽനിന്ന് ഞങ്ങളെ തെറ്റിച്ചുകളയാനാണോ നീ ഞങ്ങളുടെയടുത്ത് വന്നത്? ഭൂമിയിൽ നിങ്ങളിരുവരുടെയും മേധാവിത്വം സ്ഥാപിക്കാനും? എന്നാൽ ഞങ്ങളൊരിക്കലും നിങ്ങളിരുവരിലും വിശ്വസിക്കുന്നവരാവുകയില്ല.'' (യൂനുസ് 78)

ഇവിടെ 'നീ ഞങ്ങളുടെയടുത്ത് വന്നത്?' എന്ന മൂസാനബി(അ)യോട് മാത്രമുള്ള അഭിസംബോധന പിന്നീട് 'നിങ്ങളിരുവരുടെയും മേധാവിത്വം സ്ഥാപിക്കാനും' എന്നിടത്തെത്തിയപ്പോൾ മൂസാ നബിയോടും ഹാറൂൻ നബിയോടുമായി മാറുന്നു.

രണ്ട്: ഏകവചനത്തിൽ നിന്ന് ബഹുവചനത്തിലേക്ക്.

يَـٰٓأَيُّهَا ٱلنَّبِىُّ إِذَا طَلَّقْتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحْصُوا۟ ٱلْعِدَّةَ

''നബിയേ, നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവർക്ക് ഇദ്ദഃ തുടങ്ങാനുള്ള അവസരത്തിൽ വിവാഹമോചനം നടത്തുക. ഇദ്ദകാലം നിങ്ങൾ കൃത്യമായി കണക്കാക്കുക.'' (അത്ത്വലാഖ് 1)



ഇവിടെ ആദ്യം പ്രവാചകനെ മാത്രമാണ്, 'നബിയേ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. പിന്നീട് 'നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ' എന്ന് മുഴുവൻ വിശ്വാസികളിലേക്കുമായി അഭിസംബോധന തിരിയുന്നു.

മൂന്ന്: രണ്ടാളുകളിൽ നിന്ന് ഒരാളിലേക്ക്. ആദം നബി(അ)യോട് അല്ലാഹു പറയുന്നു:

فَقُلْنَا يَٰٓـَٔادَمُ إِنَّ هَٰذَا عَدُوٌّ لَّكَ وَلِزَوْجِكَ فَلَا يُخْرِجَنَّكُمَا مِنَ ٱلْجَنَّةِ فَتَشْقَىٰٓ

“അപ്പോൾ നാം ആദമിനോടു പറഞ്ഞു: ആദമേ, ശ്രദ്ധിച്ചുകൊള്ളുക. നിന്റെയും പത്നിയുടെയും ശത്രുവാണിവൻ. ഇവൻ നിങ്ങൾ രണ്ടു പേരെയും സ്വർഗത്തിൽ നിന്ന് പുറത്താക്കാനും അങ്ങനെ നീ നിർഭാഗ്യവാനായിത്തീരാനും ഇടയാകാതിരിക്കട്ടെ.” (ത്വാഹാ 117)

ഇവിടെ ആദ്യം 'നിങ്ങൾ രണ്ടു പേരെയും' (ആദം, ഹവ്വ) എന്ന് ദ്വിവചനമായിട്ടും അവസാനം 'അങ്ങനെ നീ (ആദം) നിർഭാഗ്യവാനായിത്തീരാനും' എന്ന് ഏകവചനമായിട്ടുമാണ് പറയുന്നത്.

നാല്: രണ്ടാളുകളിൽ നിന്ന് ബഹുവചനത്തിലേക്ക്.

وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ

“മൂസാക്കും അദ്ദേഹത്തിന്റെ സഹോദരനും നാം ബോധനം നൽകി: നിങ്ങൾ രണ്ടു പേരും മിസ്റിൽ സ്വജനത്തിനായി ചില മന്ദിരങ്ങളൊരുക്കുക, ആ മന്ദിരങ്ങളെ നിങ്ങൾ ഖിബ്‌ലയായി നിശ്ചയിച്ച് നിങ്ങൾ നമസ്കാരം നിലനിർത്തുക.” (യൂനുസ് 87)

ഇവിടെ ആദ്യം മൂസാ, ഹാറൂൻ നബിമാരോടാണ് അല്ലാഹു സംസാരിച്ചത്. (أن تبوءا لقومكم) പിന്നീടത് അവരുടെ കൂടെയുള്ള മുഴുവൻ വിശ്വാസിസമൂഹത്തോടുമുള്ള, 'ആ മന്ദിരങ്ങളെ നിങ്ങൾ ഖിബ്‌ലയായി നിശ്ചയിക്കുക' (واجعلوا بيوتكم قبلة) എന്ന ഉദ്ബോധനമായി.

അഞ്ച്: ബഹുവചനത്തിൽനിന്ന് ഏകവചനത്തിലേക്ക്. ആദം നബി(അ)യോടും കൂടെയുള്ള എല്ലാവരോടും സ്വർഗത്തിൽ നിന്ന് ഇറങ്ങാൻ കൽപ്പിച്ചതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

“നാം പറഞ്ഞു: നിങ്ങളെല്ലാം ഇവിടന്ന് ഇറങ്ങിപ്പോകുവിൻ. പിന്നീട് നിങ്ങൾക്ക് എന്നിൽ നിന്ന് മാർഗദർശനം ലഭിക്കുമ്പോൾ ആർ ആ മാർഗദർശനത്തെ പിന്തുടരുന്നുവോ അവർ ഭയപ്പെടേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല.” (അൽബഖറ 38)

ഇവിടെ ആദ്യം ബഹുവചനത്തിൽ 'നാം പറഞ്ഞു' എന്നാണെങ്കിൽ പിന്നീട് 'എന്നിൽനിന്ന് മാർഗദർശനം ലഭിക്കുമ്പോൾ' എന്ന ഏകവചന രൂപത്തിലാണ്. 'നമ്മിൽ നിന്ന്' എന്നാണ് സാധാരണ ശൈലി.

ആറ്: ബഹുവചനത്തിൽ നിന്ന് ദ്വിവചനത്തിലേക്ക്.

يَٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ إِنِ ٱسْتَطَعْتُمْ أَن تَنفُذُوا۟ مِنْ أَقْطَارِ ٱلسَّمَٰوَٰتِ وَٱلْأَرْضِ فَٱنفُذُوا۟ ۚ لَا تَنفُذُونَ إِلَّا بِسُلْطَٰنٍ

“അല്ലയോ മനുഷ്യരുടെയും ജിന്നുകളുടെയും സംഘമേ, വാനലോകങ്ങളുടെയും ഭൂമിയുടെയും അതിരുകൾ ഭേദിച്ച് ഓടാൻ കഴിയുമെങ്കിൽ ഓടിനോക്കുക. നിങ്ങൾക്ക് ഓടാൻ കഴിയില്ല. അതിന് വമ്പിച്ച ശക്തിതന്നെ വേണം.” (അർറഹ്മാൻ 33).

ഇവിടെ മനുഷ്യരോടും ജിന്നുകളോടും ബഹുവചന രൂപത്തിലാണ് അഭിസംബോധന. എന്നാൽ പിന്നീടുള്ള വാക്യമിതാണ്: فبأي آلاء ربكما تكذبان (നിങ്ങൾ രണ്ടു പേരുടെയും റബ്ബിന്റെ ഏതേതു കഴിവുകളെയാണ് നിങ്ങൾ രണ്ടു പേരും നിഷേധിക്കുക?) (അർറഹ്മാൻ 34). ഇവിടെ ‘നിങ്ങൾ നിഷേധിക്കുക’ എന്നായിരുന്നു സാധാരണ രീതിയിലുള്ള പ്രയോഗം. മറ്റൊരു തരം ഇൽതിഫാത്തിനെക്കുറിച്ച് ഇബ്നുൽ അസീർ (എ ഡി 1163–1239) പരിചയപ്പെടുത്തുന്നുണ്ട്. ക്രിയകൾക്കിടയിൽ പെട്ടെന്ന് മാറ്റം വരുത്തലാണത്. ഭൂതകാലത്തിനു പകരം ഭാവി വർത്തമാനക്രിയകളും തിരിച്ചും പ്രയോഗിക്കാറുണ്ട്.

وَٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَسُقْنَٰهُ إِلَىٰ بَلَدٍ مَّيِّتٍ فَأَحْيَيْنَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ

“അല്ലാഹു കാറ്റുകളെ അയച്ചു. എന്നിട്ടവൻ മേഘങ്ങളെ ഇളക്കിയുയർത്തും. പിന്നെ നാം അതിനെ ഒരു തരിശുപ്രദേശത്തേക്ക് നയിച്ചു. അതുവഴി ചത്തുകിടന്ന ആ ഭൂമിയെ  സജീവമാക്കി.” (ഫാത്വിർ 9)

ഈ  വാക്യത്തിലെ ‘മേഘങ്ങളെ ഇളക്കിയുയർത്തും’ എന്നതൊഴികെയുള്ള എല്ലാ ക്രിയകളും ഭൂതകാലക്രിയകളാണ്. ഇതിന് നേർവിപരീതമായും വരാറുണ്ട്.

وَيَوْمَ نُسَيِّرُ ٱلْجِبَالَ وَتَرَى ٱلْأَرْضَ بَارِزَةً وَحَشَرْنَٰهُمْ فَلَمْ نُغَادِرْ مِنْهُمْ أَحَدًا

“അന്ന് നാം പർവതങ്ങളെ ഇളക്കിവിടും. അപ്പോൾ ഭൂമിയെ തനി വെളിമ്പുറമായി നിനക്കു കാണാം. മർത്യരെയാകെയും നാം ഒരുമിച്ചുകൂട്ടി. ഒരുവനെയും ഒഴിവാക്കുകയില്ല.” (അൽകഹ്ഫ് 47)

ഇവിടെ ‘ഒരുമിച്ചുകൂട്ടി’ എന്നതൊഴികെയുള്ളതെല്ലാം ഭാവികാല ക്രിയകളാണ്. വേറിട്ടു പറഞ്ഞ ക്രിയകളെ പ്രത്യേകം ശ്രദ്ധിക്കാൻ വേണ്ടിയാണ് ഇത്തരം മാറ്റങ്ങൾ വരുത്തുന്നത് (ഇബ്നുൽ അസീർ, *അൽ മസലുസ്സാഇർ* 2:16).

## ഇൽതിഫാത്തിന്റെ  അർഥവ്യാപ്തി

പ്രഗത്ഭ പണ്ഡിതൻ ഇമാം സർകശി (എ ഡി 1344–1392) ഇൽതിഫാത്തിന്റെ ഗുണഫലങ്ങൾ ഇപ്രകാരം വിവരിക്കുന്നു: “പൊതുവായും പ്രത്യേകമായും ഇൽതിഫാത്തിന് ഏറെ ഗുണങ്ങളുണ്ട്. ആളുകൾക്ക് ഹരം പകരുന്ന വൈവിധ്യം, ശൈലീമാറ്റം തുടങ്ങിയവയെല്ലാം അതിന്റെ പൊതുവായ ഗുണങ്ങളാണ്. വായനക്കാരിൽ ഉണർവും ആവേശവുമുണ്ടാക്കുക, അവരുടെ ശ്രദ്ധയാകർഷിക്കുക, സംഭാഷണത്തിന്റെ വഴികൾ വിശാലമാക്കുക തുടങ്ങിയവ അതിന്റെ പൊതുവായ ഗുണങ്ങളാണ്. സാഹിത്യ വിശാരദന്മാർ പറയാറുണ്ട്; ഒരു പ്രഭാഷണം ഒരേ ശൈലിയിൽ നീണ്ട് പോയാൽ പിന്നീടതിന്റെ ശൈലിയിൽ മാറ്റം വരുത്തലാണ് ഭംഗി.

ഇൽതിഫാത്തിന്റെ പ്രത്യേക ലക്ഷ്യങ്ങൾ അതാത് സന്ദർഭങ്ങളിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്. വിശുദ്ധ ഖുർആന്റെ അർഥവും ആശയവും മനസ്സിലാക്കി സാവകാശം പാരായണം ചെയ്യുന്നവർക്ക് മാത്രമേ അതിസൂക്ഷ്മമായ ഈ സാഹിത്യസൗന്ദര്യം തിരിച്ചറിയാനും ആസ്വദിക്കാനും കഴിയൂ. അധിക മലയാള പരിഭാഷകളും ഇൽതിഫാത്ത് എന്ന അറബി സാഹിത്യകല ഉൾക്കൊണ്ടും മനസ്സിലാക്കിയുമല്ല തയാറാക്കിയിരിക്കുന്നത്. അതിനാൽ നിലവിലുള്ള മലയാള പരിഭാഷകളിൽനിന്ന് മാത്രം ഇൽതിഫാത്തിന്റെ മാധുര്യം നുകരാനാവില്ല.

### അവലംബം


1) الزركشی، البرهان فی علوم القرآن، ج 3،ص: 326/325.
2) القزوینی، الایضاح فی علوم البلاغة المعاني والبیان والبدیع، دار الكتب العلميّة، بيروت.
3) الميدانى، البلاغة العربية أسسها وعلومها فنونها، دار القلم، دمشق، 1996،
4) شوقي ضيف، البلاغة تطور وتاريخ، دار المعارف، القاهرة، ط9، 1965،
(5 https://www.islamweb.net/ar/article/174113
(6 https://www.alukah.net/sharia/0/102548



യുവത ബുക്സ്

റമദാൻ ഓഫറുകൾ
ഖുർആൻ പരിഭാഷ / വ്യാഖ്യാനം

**ഖുർആനിനെ കണ്ടെത്തൽ**
ചെറിയമുണ്ടം അബ്ദുൽഹമീദ് വില: ₹ 650

**വിശുദ്ധ ഖുർആൻ: ആസ്വാദന പാഠങ്ങൾ**
കെ പി സകരിയ്യ, വില: ₹ 300

**വിശുദ്ധ ഖുർആൻ പരിഭാഷയും വ്യാഖ്യാനവും (സൂറ ഫാത്വിഹ, ബകറ)**
അല്ലാമാ യൂസുഫലി, വില: ₹ 100

ആകെ ₹ 1050
ഇപ്പോൾ ₹ 590